**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4175** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്ത് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ എത്ര സെന്റ് സ്ഥലമാണ് ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിന് ദേശീയപാത വികസന അതോറിറ്റി / പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ചിരുന്നതെന്ന് അറിയിക്കാമോ; | (എ) | 0 . 81 ആർസ് ( 2സെന്റ്) |
| (ബി) | നിലവിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ എത്ര മീറ്റർ ഭാഗമാണ് ദേശീയപാത വികസനത്തിന്റെ മറവിൽ പൊളിച്ചുമാറ്റിയിട്ടുള്ളതെന്നും നിലവിലുള്ള സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പഞ്ചായത്തീരാജ് ചട്ടങ്ങളും അനുസരിച്ചാണോ പഞ്ചായത്ത് കെട്ടിടവും ഓഫീസും പൊളിച്ച് നീക്കുന്നതിന് കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | 5.8 മീറ്റർ ഭാഗീകമായി പൊളിച്ചിട്ടുണ്ട്. കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് നടപടി ക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കരുവാറ്റ ഗ്രാമപഞ്ചായത്തിൽ നിന്നും ഏതെല്ലാം സാധന സാമഗ്രികളാണ് അനധികൃതമായി പൊളിച്ചുമാറ്റി കൊണ്ടുപോയതെന്നും ഇവയുടെ മതിപ്പ് മൂല്യം എത്രയാണെന്നും ഇവ ആരാണ് കൊണ്ടുപോയതെന്നും വ്യക്തമാക്കാമോ; | (സി) | ജനൽ , കട്ടിള എന്നിവ ഉൾപ്പെടെ കെട്ടിടം ഭാഗീകമായി പൊളിച്ചു നീക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ മതിപ്പുമൂല്യം 16,27,894/- (പതിനാറ് ലക്ഷത്തി ഇരുപത്തി എഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല് ) രൂപ എന്ന് നിലവിൽ തിട്ടപ്പെടുത്തിയിട്ടുണ്ട് . നാഷണൽ ഹൈവേ അധികൃതരാണ് കൊണ്ടുപോയത് എന്ന് ഗ്രമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ആലപ്പുഴ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ എന്താണെന്നും കരുവാറ്റ പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള നഷ്ടം കുറ്റക്കാരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിന് എന്ത് | (ഡി) | ടി വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച്<br>1)നടപടിക്രമങ്ങൾ പാലിക്കാതെ പൊളിച്ചത് ഗുരുതര വീഴ്ചയാണ്.<br>2)പഞ്ചായത്ത് വക കെട്ടിടം പൊളിക്കുന്നതിന് മുൻപ് വകുപ്പുതല അനുമതിയ്ക്ക് അപേക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | | 3)കെട്ടിടം പൊളിക്കുന്നതിനുള്ള എസ്റ്റിമേറ്റോ സർവ്വേ റിപ്പോർട്ടോ ലഭ്യമായിട്ടില്ല.<br><br>4)പൊളിക്കുന്നതിന് കരാറുകാരനെ നിശ്ചയിക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമം പാലിച്ചിട്ടില്ല.<br><br>5)കെട്ടിടം പൊളിക്കൽ ഏല്പിച്ച കരാറുകാരനുമായി ഉടമ്പടി ഉണ്ടാക്കിയിട്ടില്ല.<br><br>തുടങ്ങിയ കണ്ടെത്തലുകൾ ഉണ്ട്. ആയതിൻമേൽ തുടർനടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ഏതെങ്കിലും പഞ്ചായത്ത് ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിച്ചതെന്നും അഥവാ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (ഇ) | കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ഈ വിഷയത്തിൽ സമരം നടത്തിയവർക്കെതിരെ എടുത്ത കേസ് പിൻവലിക്കുന്നതിനും പഞ്ചായത്തിന്റെ വസ്തുവകകൾ അനധികൃതമായി കടത്തിക്കൊണ്ടുപോയവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | കേസ് പിൻവലിക്കുന്നില്ല എന്ന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. കേസ് തുടർ നടപടികൾ<br><br>പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്നാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ